പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3049 — 10.12.2018-ൽ മറുപടിയ്ക്ക്

## ടെണ്ടർ നൽകുന്നതിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കുള്ള മുൻഗണന

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ടെണ്ടർ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് എന്തെങ്കിലും മുൻഗണന നൽകാറുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തികളുടെ ടെണ്ടർ നൽകുന്നതിൽ കോ - ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. ടെണ്ടറിൽ പങ്കെടുക്കുന്ന കോ - ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്വകാര്യ കോൺട്രാക്ടർമാർ ക്വാട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ 10% വരെ അധിക നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. |
| (ബി) | ഇത്തരം സൊസൈറ്റികളുടെ ആധികാരികത സംബന്ധിച്ച് പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; | (ബി) | 13/11/1997 ലെ G.O (Ms) No. 135/97/ Co - op നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സൊസൈറ്റികളുടെ ടെണ്ടർ മാത്രമേ പരിഗണിക്കുകയുള്ളൂ. കൂടാതെ ഓരോ ടെണ്ടറിലും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ സഹകരണ സംഘത്തിന്റെ വാർഷിക പ്രവൃത്തികളെ സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| (സി) | രജിസ്ട്രേഷൻ മാത്രം നടത്തി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആനുകൂല്യങ്ങൾ ടെണ്ടർ നടപടികൾക്കായി മാത്രം ഉപയോഗപ്പെടുത്തുന്ന വ്യക്തികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) | സഹകരണ വകുപ്പ് തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം മാനദണ്ഡങ്ങൾ പാലിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് ഇത്തരം ടെണ്ടർ നടപടികളിൽ സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്നറിയിക്കാമോ; വിശദാംശം നൽകുമോ? | (ഡി) | 13/11/1997 ലെ G.O (Ms) No. 135/97/ Co - op ലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് ടെണ്ടർ നടപടികളിൽ കോ -ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ